**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4497** **06-03-2023 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ 11 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ കക്കാട്, കാച്ചടി, കരിമ്പിൽ എന്നീ പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങൾക്കും വീടുകൾക്കും മുകളിലൂടെ പോകുന്ന 11 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത 11 കെ.വി. ലൈൻ എടരിക്കോട് സബ് സ്റ്റേഷനിൽ നിന്ന് തിരൂരങ്ങാടി, വെന്നിയൂർ പ്രദേശങ്ങളിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്ന 11കെ.വി. തിരൂരങ്ങാടി ഫീഡറിന്റെ കാച്ചടി മുതൽ കക്കാട് ബോർഡർ AB വരെയുള്ള ഭാഗമാണ്. ഇതു സംബന്ധിച്ച 2020 ലെ വൈദ്യുതി അദാലത്തിൽ തീരുമാന പ്രകാരം 6 കിലോമീറ്റർ ദൂരം 11 കെ.വി ലൈൻ റീ കണ്ടക്ടറിംഗ് നടത്തുകയും 28 A Type പോസ്റ്റുകളും, 25 എണ്ണം 9 മീറ്റർ പി.എസ്.സി പോസ്റ്റുകൾ ഉപയോഗിച്ച് കേടായ പോസ്റ്റുകൾ മാറ്റുകയും ആവശ്യമായ ഇടങ്ങളിൽ പുതിയ പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്ത് System Strengthening ആക്കി മാറ്റിയിട്ടുണ്ട്. ഈ പ്രവർത്തി കെ.എസ്.ഇ.ബി യുടെ ദ്യുതി സ്കീമിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചതും സുരക്ഷിതത്വം ഉറപ്പാക്കി യിട്ടുള്ളതുമാണ്. പ്രസ്തുത 11 കെ.വി ലൈൻ NH വഴി മാറ്റുവാൻ 1100 മീറ്റർ പുതിയ ലൈൻ വലിക്കേണ്ടതായി വരും ഇതിന് ഉദ്ദേശം 24.5/- ലക്ഷം രൂപ ചിലവ് വരുന്നതുമാണ്. സ്ഥലം സന്ദർശിച്ച് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും എസ്റ്റിമേറ്റ് തുക അടവാക്കുന്ന മുറക്ക് പ്രവർത്തി ചെയ്യുന്നതാണെന്ന് ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ജനപ്രതിനിധികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയ നിവേദനങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത 11 കെ.വി ലൈൻ NH വഴി മാറ്റുവാൻ 1100 മീറ്റർ പുതിയ ലൈൻ വലിക്കേണ്ടതായി വരും ഇതിന് ഉദ്ദേശം 24.5/- ലക്ഷം രൂപ ചിലവ് വരുന്നതുമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും എസ്റ്റിമേറ്റ് തുക അടവാക്കുന്ന മുറക്ക് പ്രവർത്തി ചെയ്യുന്നതാണെന്ന് ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി ഏതെങ്കിലും പദ്ധതിയിൽ | (സി) | ഉൾപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കൾ വർക്ക് |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും എന്നത്തേക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | | ഡെപ്പോസിറ്റ് തുക അടവാക്കുന്ന പക്ഷം ലൈൻ നാഷണൽ ഹൈവെയിലേക്ക് മാറ്റി സ്ഥാപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ